**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2854 — 17/10/2016-ൽ മറുപടിക്ക്

**ഇരുപത്തിനാല്ല മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുന്ന ആശുപത്രികൾ**

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യ, കുടുംബക്ഷേമ സാമൂഹ്യ നീതി വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഏതെങ്കിലും ആശുപത്രിയിൽ ഇപ്പോൾ ഇരുപത്തിനാല്ല മണിക്കൂറും പോസ്റ്റ്മോർട്ടം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും എന്തു കൊണ്ടാണ് വൈകുന്നേരം നാല്ല മണി കഴിഞ്ഞാൽ പോസ്റ്റ്മോർട്ടം നടക്കാത്തതെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ ആശുപത്രികളിലൊന്നും തന്നെ നിലവിൽ ഇരുപത്തിനാല്ല മണിക്കൂറും പോസ്റ്റ്മോർട്ടം നടക്കുന്നില്ല. എന്നാൽ അവയവദാനവുമായി ബന്ധപ്പെട്ട കേസുകളില്ലം മെഡിക്കൽ ലീഗൽ കോഡ് പ്രകാരം ലോ ആന്റ് ഓർഡർ സ്ഥിതിഗതികളുമായി ബന്ധപ്പെട്ട കേസുകളില്ലം സമയക്രമം നോക്കാതെ തന്നെ ഇപ്പോഴും പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്. രാത്രികാല പോസ്റ്റുമോർട്ടം നടത്താനാവശ്യമായ ജീവനക്കാർ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, കൃത്രിമവെളിച്ചം എന്നിവയുടെ അപര്യാപ്തതയാണ് രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് പ്രധാനമായ തടസ്സമായി നിലകൊള്ളുന്നത്. |
| ബി) ഇരുപത്തിനാല്ല മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ ഇറക്കിയ ഉത്തരവിനെതിരെ ആരെങ്കിലും ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് ഹർജി നൽകിയത്; ഈ ഹർജിക്കെതിരെ സർക്കാർ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ; | (ബി) ഇരുപത്തിനാല്ല മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ ഇറക്കിയ ഉത്തരവിനെതിരെ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരള ഹർജി നൽകിയിരുന്നു. ആയതിൽ വൈകുന്നേരം 5 മണിക്ക് ശേഷം പോസ്റ്റ്മോർട്ടം ചെയ്യേണ്ടതില്ലായെന്ന് കോടതി ഉത്തരവിട്ടിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് ഇരുപത്തിനാല്ല മണിക്കൂർ പോസ്റ്റ്മോർട്ടം പ്രാവർത്തികമാക്കാൻ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ